**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.868 30.10.2019 -ലെ മറുപടിക്ക്**

**പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. ജോയി** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന എത്ര ഭവനരഹിത കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട് ; പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന എത്രപേർ വീട് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; | (എ) | ലൈഫ് മിഷന്റെ ലിസ്റ്റ് പ്രകാരം, 20948 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളാണ് സംസ്ഥാനത്തുള്ളത്. ലൈഫ് മിഷൻ മാനദണ്ഡപ്രകാരം ലിസ്റ്റിൽ ഉൾപ്പെടാത്ത 39,902 അർഹതയുള്ള കുടുംബങ്ങളെ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം 8134 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട എത്ര പേർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നല്കിയിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) | വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2016-17 ൽ അനുവദിച്ച 14096-ൽ 11685-ഉം 2017-18 അനുവദിച്ച 8895-ൽ 6669 ഭവനങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ, 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന 245 വീടുകളുടെ പുനർനിർമ്മാണത്തിനായി അപേക്ഷകർക്ക് 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ നിർമ്മാണം ആരംഭിച്ച 170-ൽ 83 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ